(ബി) നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളിൽനിന്നും സർവ്വീസ് വെരിഫിക്കേഷൻ സമയത്ത് 1000 രൂപ ഈടാക്കുവാൻ പി.എസ്.സി. തീരുമാനമെടുത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് 4,92,00,000 രൂപയാണ് ആകെ കടിശ്ശിക ഉണ്ടായിരുന്നത്. സർക്കാർ പി.എസ്.സി.ക്ക് അധികമായി അനുവദിച്ച തുകയിൽനിന്നും മൂന്ന് കോടി രൂപ ടി കടിശ്ശിക തീർക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. നിലവിൽ 1,92,00,000 രൂപ ഈയിനത്തിൽ കടിശ്ശിക ഉണ്ട്.

(ഇ) കമ്മീഷനിലെ നാല് അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സാമ്പത്തിക അവലോകന കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ചെലവ് ചുരുക്കൽ നടപടികൾ കൈക്കൊണ്ടുവരുന്നു.

പി.എസ്.സി. നിയമനം

35 (40) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി 18-5-2011 മുതൽ 31-10-2015 വരെ 1,39,192 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി ആകെ 1,65,408 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

പി.എസ്.സി.-ക്ക് മെട്രോ നഗരങ്ങളിൽ പരീക്ഷാകേന്ദ്രം

36 (41) ശ്രീ. ടി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ നിയമസഭയുടെ പ്രവാസി മലയാളി ക്ഷേമം സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഇന്ത്യയിലെ മെട്രോ നഗരങ്ങളിലുടനീളം പി.എസ്.സി.യുടെ പരീക്ഷകൾ നടത്തുന്നതിന് സംവിധാനമൊരുക്കുന്നതിനായി ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ട എത്ര തസ്തികകൾ അനുവദിക്കണമെന്നാണ് പി.എസ്.സി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞ തസ്തികകളും കേന്ദ്രവും അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) 2016 വർഷം മുതൽ മേൽപ്പറഞ്ഞ സംവിധാനം മെട്രോ നഗരങ്ങളിൽ നടപ്പാക്കുന്നതിന് വേണ്ട നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നാല് മെട്രോ നഗരങ്ങളിൽ സോണൽ ഓഫീസുകൾ ആരംഭിക്കുന്നതിലേയ്ക്കായി ഓഫീസ് ഒന്നിന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 10 ജീവനക്കാരെ വീതം ആകെ 40 തസ്തികകളാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ക്രമ നമ്പർ	തസ്തികയുടെ പേര്	ആവശ്യപ്പെട്ട എണ്ണം
1.	ഡെപ്യൂട്ടി സെക്രട്ടറി	1
2.	അണ്ടർ സെക്രട്ടറി	1
3.	സെക്ഷൻ ഓഫീസർ	1
4.	സിസ്റ്റം അനലിസ്റ്റ്	1
5.	അസിസ്റ്റന്റ്	3
6.	കമ്പ്യൂട്ടർ അസിസ്റ്റന്റ്	1
7.	ടെക്നിക്കൽ അസിസ്റ്റന്റ്	1
8.	ഓഫീസ് അറ്റന്റന്റ്	1
	ആകെ	10

(ബി &സി) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനം

37 (42) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്തുന്നതിന് എന്തെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly